## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 251 — 20-12-2012 - ലെ മറുപടിയ്ക്ക്

## ഭൂവിനിയോഗ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ചന്ദ്രൻ<br>" ജി.സുധാകരൻ<br>" കെ.രാധാകൃഷ്ണൻ<br>" ബി.ഡി.ദേവസ്സി | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) നെൽപ്പാടം നികത്തുന്നത് സംബന്ധിച്ച ഭൂവിനിയോഗ നിയമം നടപ്പാക്കുന്നതിൽവന്നിട്ടുള്ള അനാസ്ഥ സംബന്ധിച്ച് ഹൈക്കോടതി അടുത്തകാലത്ത് പരാമർശം നടത്തിയതായി അറിവുണ്ടോ; ഉണ്ടെങ്കിൽ അത്തരം ഒരു സാഹചര്യത്തിനിടയായത് എന്തുകൊണ്ടെന്ന് പരിശോധിക്കുമോ; | (എ) ഉണ്ട്, തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ കിള്ളിമംഗലം വില്ലേജ് സർവ്വെ 438/8 ൽ ഉൾപ്പെട്ട 5 സെന്റ് ഭൂമി വീതം രണ്ടു സഹോദരൻമാർക്ക് വീട് നിർമ്മിയ്ക്കുന്നതിനായി നിലം പരിവർത്തനപ്പെടുത്തുന്നതിന് ലഭിച്ച രണ്ട് അപേക്ഷകളിൽ 06-10-06 ലെ ഡി1-14308/05/ഡി.ഡി.എസ്, ഡി1-10445/05/ഡി.ഡി.എസ് നമ്പർ ഉത്തരവുകൾ പ്രകാരം തൃശ്ശൂർ ആർ.ഡി.ഒ. അനുമതി നൽകിയിരുന്നു. ടി ഉത്തരവുകൾ നിയമാനുസൃതമല്ലെന്നും ഉത്തരവുകൾ എതിർ കക്ഷികൾ ദുരുപയോഗം ചെയ്തുവെന്നും ആരോപിച്ച് കിള്ളിമംഗലം നെല്ലുൽപാദക സമൂഹം പ്രസിഡന്റ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)-34724/07 നമ്പർ റിട്ട് പെറ്റീഷനിലെ 14-08-2012 ലെ വിധിന്യായത്തിൽ ഭൂവിനിയോഗ നിയമം നടപ്പാക്കുന്നതിൽ വന്നിട്ടുള്ള അനാസ്ഥ സംബന്ധിച്ച് പരാമർശം ഉണ്ടായിട്ടുണ്ട്. എന്നാൽ, ഈ ഉത്തരവിനെതിരെയുള്ള റിട്ട് അപ്പീൽ നമ്പർ 1760/12-ലെ 01-10-12 ലെ ഉത്തരവ് പ്രകാരം മേലുത്തരവ് ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് റദ്ദാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും |

| | | | |
|---|---|---|---|
| | | | ഏതെങ്കിലും തരത്തിലുള്ള പക്ഷപാതപരമോ ദുരുദ്ദേശപരമോ ആയ നടപടികൾ ഉണ്ടാകാത്ത സാഹചര്യത്തിൽ KLU അനുവദിച്ചതായ ഉത്തരവുകൾക്കെതിരെ ഇടപെടാൻ കഴിയുകയില്ലെന്നും ആയതിനാൽ സിംഗിൾ ജഡ്ജിയുടെ വിധി "set aside"ചെയ്യുന്നു എന്നുമാണ് റിട്ട് അപ്പീൽ വിധിയുടെ ചുരുക്കം. ആയതിനാൽ ഇതിൽ തുടർ പരിശോധനയുടെ ആവശ്യം ഉണ്ടായില്ല. |
| (ബി) | ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ; | (ബി) & (സി) | ഹൈക്കോടതി ഉത്തരവിൽ പരാമർശിച്ച ഉദ്യോഗസ്ഥരുടെ വീഴ്ച, പിന്നീട് ഡിവിഷൻ ബെഞ്ച് തള്ളിക്കളഞ്ഞ സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ആവശ്യമുള്ളതായി കാണുന്നില്ല. |
| (സി) | ഹൈക്കോടതി പരാമർശത്തിന് ഇടയാക്കിയത് ഉദ്യോഗസ്ഥ ഭൂമാഫിയാ ബന്ധമാണോ എന്ന് പരിശോധിക്കുമോ? | | |

സെക്ഷൻ ഓഫീസർ